**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1755** **29-09-2025 - ൽ മറുപടിയ്ക്ക്**

**നിരണം, പെരിങ്ങര കൃഷിഭവനുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തിരുവല്ല മണ്ഡലത്തിലെ നിരണം, പെരിങ്ങര എന്നീ ഗ്രാമപഞ്ചായത്തുകളിലെ കൃഷിഭവനുകൾ പൊളിച്ചുകളഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>പുനർജ്ജനി 2020-21 പദ്ധതി പ്രകാരം നിരണം, പെരിങ്ങര കൃഷി ഭവനുകളുടെ നിർമ്മാണത്തിനായി യഥാക്രമം 55 ലക്ഷം രൂപയും 60 ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതും, പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും, ടി തുക പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ ഡപ്പോസിറ്റ് ചെയ്തിട്ടുള്ളതുമാണ്.<br><br>കൃഷിഭവനുകൾ നിലനിന്നിരുന്ന സ്ഥലത്ത് തന്നെ പുതിയ കെട്ടിടങ്ങൾ നിർമിക്കേണ്ടതിനാൽ പഴയ കെട്ടിടങ്ങൾ പൊളിച്ചു നീക്കി സൈറ്റ് ക്ലിയർ ചെയ്തിട്ടുള്ളതും, നിലവിൽ പ്രസ്തുത കൃഷിഭവനുകളുടെ പ്രവർത്തനം വാടക കെട്ടിടങ്ങൾ കണ്ടെത്തി ആയതിലേക്ക് മാറ്റിയിട്ടുള്ളതുമാണ് .കൃഷി ഭവനുകളുടെ നിർമാണത്തിനായി സൈറ്റിൽ മണ്ണ് പരിശോധന നടത്തി എസ്റ്റിമേറ്റ് തയാറാക്കിയപ്പോൾ മണ്ണിന് ബലക്ഷമത കുറവായതിനാൽ പൈൽ ഫൗണ്ടേഷൻ അത്യാവശ്യമാണെന്നും രണ്ട് കൃഷിഭവനുകളുടെ നിർമാണത്തിനായി അനുവദിച്ച ആകെ തുകയായ 105 ലക്ഷം രൂപ അപര്യാപ്തമാണെന്നും, നിരണം, പെരിങ്ങര കൃഷിഭവനുകളുടെ നിർമാണത്തിന് യഥാക്രമം 115 ലക്ഷം രൂപയും, 110 ലക്ഷം രൂപയും ആകുമെന്നും പൊതുമരാമത്ത് (കെട്ടിട വിഭാഗം) അറിയിച്ചിട്ടുണ്ട്. |
| (ബി) | പുതിയ കൃഷിഭവനുകൾ നിർമ്മിക്കുവാൻ നൽകിയ തുക അപര്യാപ്തമെന്ന് പി.ഡബ്ല്യു.ഡി. കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ബദൽ നിർമ്മാണ രീതികൾ അവലംബിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | 27.11.2024-ൽ നടത്തിയ അവലോകന യോഗത്തിൽ കെട്ടിട നിർമ്മാണത്തിനനുവദിച്ച തുക നഷ്ടപ്പെടാതെ രണ്ട് നിലകളിൽ നിർമ്മിക്കാനുദ്ദേശിച്ചിരുന്ന സൗകര്യങ്ങൾ ഉൾപ്പെടുത്തി ലൈറ്റ് റൂഫായി ഒറ്റ നിലക്കെട്ടിടം പണിയുന്നതിന്റെ സാദ്ധ്യത പരിശോധിക്കാൻ പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | എന്നാൽ പൈൽ ഫൗണ്ടേഷൻ ഒഴിവാക്കാൻ കഴിയുകയില്ല എന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ